(ബി) അറിയാം

(സി) ഇക്കാര്യത്തിൽ തീരുമാനമൊന്നും ആയിട്ടില്ല.

103 (1552) കെ.എസ്.ആർ.ടി.സി. തിരുവനന്തപുരം സെൻട്രൽസ്റ്റേഷൻ

ശ്രീ. ബി. വിജയകുമാർ :

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. തിരുവനന്തപുരം സെൻട്രൽ സ്റ്റേഷൻ മാതൃകാ ബസ് സ്റ്റേഷനാക്കി ഉയർത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിലേക്കായി എന്തൊക്കെ പദ്ധതികളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഓർഡിനറി സർവ്വീസുകൾ സെൻട്രൽ ഡിപ്പോയിൽ നിന്നും പൂർണ്ണമായി നിർത്തലാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിനുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സെൻട്രൽ ബസ് സ്റ്റേഷന്റെ നവീകരണ പദ്ധതികളെക്കുറിച്ചുള്ള വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡ് നിർദ്ദേശിച്ചിരിക്കുകയാണ്. നിർദ്ദേശങ്ങളിൻമേൽ ബോർഡ് തീരുമാനം ലഭ്യമായതിനുശേഷം മാത്രമേ എന്തൊക്കെ പദ്ധതികളാണുള്ളതെന്ന് വ്യക്തമാക്കുവാൻ കഴിയുകയുള്ളൂ. ഇപ്പോൾ ചീഫ് ഠൗൺ പ്ലാനറുടെ അംഗീകാരത്തോടെ ഒരു സെമി പെർമനന്റ് വെയിറ്റിംഗ് ഷെഡ് നിർമ്മിച്ചിട്ടുണ്ട്.

(സി) സെൻട്രൽ ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്നില്ല. എന്നാൽ സമീപ ഡിപ്പോകളിൽ നിന്നും നേരത്തെ ഓടിയിരുന്ന സമയങ്ങളിൽ സെൻട്രൽ ഡിപ്പോയിൽ ഓർഡിനറി സർവ്വീസുകൾ വന്നു പോകുന്നുണ്ട്.

(ഡി) ദീർഘദൂര സർവ്വീസുകൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതിനുവേണ്ടിയാണ് തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽ നിന്നും ഓർഡിനറി സർവ്വീസുകൾ സമീപത്തുള്ള മറ്റു ഡിപ്പോകളിലേക്ക് മാറ്റിയത്.

104 (1553) കോഴിക്കോട് ചെയിൻ സർവ്വീസ് നടത്തുന്ന റൂട്ടുകൾ

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം റൂട്ടുകളിലാണ് കെ.എസ്.ആർ.ടി.സി. ബസുകൾ ചെയിൻ സർവ്വീസ് നടത്തുന്നതെന്ന് വിശദമാക്കുമോ;

(ബി) കോഴിക്കോട്-മാവൂർ റൂട്ടിൽ എത്ര ബസ്സുകൾ ചെയിൻ സർവ്വീസ് നടത്തുന്നുണ്ടെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly